# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി11)539/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി11)539/23 തീയ്യതി: 28/04/2023

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധാ ദാസ് | ജോയന്റ് ഡയറക്ടർ | 17-04-2023 | 20-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 20-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ ആർ രവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അഭിലാഷ് എം ആർ | സെക്രട്ടറി | 01-04-2021 | 09-05-2021 |

| | | | |
|---|---|---|---|
| ശ്രീ. അമൽദാസ് കെ ജെ | സെക്രട്ടറി | 10-05-2021 | 23-05-2021 |
| ശ്രീമതി. തങ്കം വർഗ്ഗീസ് | സെക്രട്ടറി | 24-05-2021 | 13-06-2021 |
| ശ്രീ. അമൽദാസ് കെ ജെ | സെക്രട്ടറി | 14-06-2021 | 01-08-2021 |
| ശ്രീമതി. തങ്കം വർഗ്ഗീസ് | സെക്രട്ടറി | 02-08-2021 | 05-08-2021 |
| ശ്രീ. ബൈജു എം | സെക്രട്ടറി | 06-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ദീപ്തി കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 10-01-2022 |
| പ്രതീഷ് പി ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11-01-2022 | 09-02-2022 |
| ദീപ്തി കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10-02-2022 | 31-03-2022 |
| രതീഷ് എം ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ജയന്തി കെ എസ് | സൂപ്രണ്ട്, സി എച്ച് സി | 01-04-2021 | 31-03-2022 |
| ഷീബ എസ് നൽപ്പാട്ട് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 26-02-2022 |
| നമിത ഇ കെ | ശിശു വികസന പദ്ധതി ഓഫീസർ | 27-02-2022 | 31-03-2022 |
| സത്യവർമ്മ പി സി | എ ഡി എ | 01-04-2021 | 31-03-2022 |
| അരുൺ പി എസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സഹീർ അബ്ദു | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 17-07-2021 |
| ഡോ.എം എൽ ലീന | സീനിയർ വെറ്ററിനറി സർജൻ | 18-07-2021 | 31-03-2022 |
| സുഗുണൻ സി ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 30-05-2021 |
| സീന എ പി | പട്ടികജാതി വികസന ഓഫീസർ | 31-05-2021 | 11-07-2021 |
| സന്ധ്യ ടി എം | പട്ടികജാതി വികസന ഓഫീസർ | 12-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ബിന്നിമോൻ വി സി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 09-03-2022 |
| അശ്വിൻ വി | വ്യവസായ വികസന ഓഫീസർ | 10-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക | 1-8-1 |
| 10 | “280000000-Prior Period Item”- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-8-2 |
| 11 | വാടക ഡിമാന്റ് രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-8-3 |
| 12 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-4 |
| 13 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-8-5 |
| 14 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-6 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല | 1-8-7 |
| 16 | ഗ്രാന്റ് ഉപയോഗിച്ച് ആസ്തി നിർമ്മാണം - " Capital Contribution” എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-8-8 |
| 17 | വാടക രണ്ട് തവണ മാത്രം ഡിമാൻഡ് ചെയ്തിരിക്കുന്നു | 1-8-9 |
| 18 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല | 1-10 |
| 19 | സി.എച്ച്.സി വെള്ളാനിക്കരയിൽ സോളാർ സ്ഥാപിക്കൽ-പൂർത്തീകരണവിവരമില്ല | 1-11 |
| 20 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-12 |
| 21 | ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയിട്ടില്ല | 1-13 |
| 22 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-14 |
| 23 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല | 1-15 |
| 24 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-16 |
| 25 | ജലസേചനവകുപ്പുമായുള്ള കരാർ, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രം എന്നിവ ഹാജരാക്കിയില്ല | 1-17 |
| 26 | ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി | 1-18 |

| | | |
|---|---|---|
| 27 | വാഹനം വാടകക്ക് എടുക്കൽ - ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-19 |
| 28 | എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15.02.2021 | 1 | 198633638 | 197857536 |
| റിവൈസ്ഡ് ബജറ്റ് | | | |
| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
| 18.3.2022 | 1 | 245819319 | 244943238 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 19-05-22 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6159742 |
| വരവ് | 75582308 |
| ആകെ | 81742050 |
| ചെലവ് | 68739577 |
| നീക്കിയിരിപ്പ് | 13002473 |

### 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 25505835 | 23550762 | 1955073 |
| വികസന ഫണ്ട് – എസ് സി പി | 11189399 | 10422874 | 766525 |
| വികസന ഫണ്ട് – ടി.എസ്.പി | 1371148 | 994270 | 376878 |
| മെയിന്റനൻസ്-റോഡിതരം | 9651064 | 6369991 | 3281073 |
| സി.എഫ്.സി.അൺടൈഡ് ഗ്രാന്റ് | 7279441 | 3283416 | 3996025 |
| സി.എഫ്.സി. ടൈഡ് ഗ്രാന്റ് | 11463851 | 7095088 | 4368763 |

വികസനഫണ്ട്-ജനറൽ, വികസനഫണ്ട്-എസ്.സി.പി എന്നീ ഫണ്ടുകളുടെ വാർഷിക കണക്കിലെ തുകകളും എ.സി.ആർ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 94 | 92686737 | 73 | 54858088 | 59.18% | 77.65% |

### 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

18.04.2023 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി - 01/18.04.2023)

### 1-8-1 വാർഷികകണക്കുകൾ - സമർപ്പിക്കാത്ത പത്രിക

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-8-2 "280000000-Prior Period Item"- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | (2600) |
| 280800201-Prior Period- Administrative Expenses | (91393) |
| 280800701- Prior Period- Miscellanious Expenses | (7501466) |

### 1-8-3 വാടക ഡിമാന്റ് രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

### 1-8-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 68,42,731/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 83,86,893/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-8-5 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-8-6 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-8-7 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല

| ശീർഷകം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/2022 ലെ നീക്കിയിരിപ്പ് |
|---|---|
| 340100103- Bidders EMD | 100 |
| 340100301- Contractors Retention | 332631 |
| 340109901- Other Deposit | 69 |
| 340200102- Auction Deposit | 3500 |

1-8-8 ഗ്രാന്റ് ഉപയോഗിച്ച് ആസ്തി നിർമ്മാണം - " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ചതുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-8-9 വാടക രണ്ട് തവണ മാത്രം ഡിമാൻഡ് ചെയ്തിരിക്കുന്നു

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ കെട്ടിടങ്ങളിൽ നിന്നുമുള്ള വാടകയുടെ ഡിമാൻഡ് രണ്ട് തവണ മാത്രം ഡിമാന്റ് ചെയ്തിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ശീർഷകം | | | |
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 149454 | 30.11.2021 | 42100002 |
| 2. | | | 41550 | 31.03.2022 | 42100087 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ഫണ്ട് | വൗച്ചർ നം., തിയതി, തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 5/22, ഐ.കെ.എം വിഹിതം നൽകൽ | വികസനഫണ്ട്, ജനറൽ | 22100262/25.06.2021 47,697/- | ഐ.കെ.എം ന് നൽകിയത് |
| 2 | 18/22, ക്യാൻ തൃശ്ശൂർ 21-22 ജില്ലാ പഞ്ചായത്തിനു വിഹിതം നൽകൽ | വികസനഫണ്ട്, ജനറൽ | 22100683/17.01.2022 1,20,000/- | തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു നൽകിയത് |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/19.04.2023) യ്ക്ക് മറുപടിയായി വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-11 സി.എച്ച്.സി വെള്ളാനിക്കരയിൽ സോളാർ സ്ഥാപിയ്ക്കൽ-പൂർത്തീകരണവിവരമില്ല

സി.എച്ച്.സി, മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സി.എച്ച്.സി വെള്ളാനിക്കരയിൽ സോളാർ സ്ഥാപിയ്ക്കൽ എന്ന പ്രൊജക്ടിനായി കെൽട്രോണിന് താഴെപ്പറയും പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. സോളാർ പാനൽ സ്ഥാപിച്ച വിവരങ്ങൾ ഫയലിലില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ഫണ്ട് | വൗച്ചർ നം., തിയതി, തുക |
|---|---|---|---|
| 1 | 111/22, സി.എച്ച്.സി വെള്ളാനിക്കരയിൽ സോളാർ സ്ഥാപിയ്ക്കൽ | മെയിന്റനൻസ് ഫണ്ട്, നോൺറോഡ് | 22100648/02.03.2022 4,72,000/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.4/19.04.2023) യ്ക്ക് മറുപടിയായി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ സോളാർ പാനലുകൾ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സ്ട്രക്ചറൽ വർക്ക് പൂർത്തീകരിക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് പ്രകാരമാണെന്നും നാളിതുവരെ ആയത് പൂർത്തീകരിച്ചിട്ടില്ലെന്നും അറിയിച്ചു. സോളാർ പാനൽ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ

താഴെപ്പറയുന്ന പ്രൊജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക നല്കിയിട്ടുണ്ട്. നൽകിയ മുഴവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ:

| പ്രൊജക്ട് നം.,പേര് | വൗച്ചർ നം,തിയതി, തുക | ഫണ്ട് | പ്രൊഫോർമ ഇൻവോയ്സ് നം./തിയതി | മരുന്നുകൾ ലഭ്യമായ തുക | ഇനി ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|
| 28/22-സി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 22100421/ 25.11.2021- 6,40,297 | മെയിന്റനൻസ് ഫണ്ട്,നോൺറോഡ് | PRF2402/30.09.2021 | 2,68,571 | 3,71,726 |
| 28/22-സി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 22100693/ 01.02.2022- 8,82,766 | മെയിന്റനൻസ് ഫണ്ട്,നോൺറോഡ് | PRF5342/01.02.2022 | 2,50,196 | 6,32,570 |
| 25/22-പെയിൻ & പാലിയേറ്റീവ് കെയർ | 22100305/ 01.10.2022- 3,17,622 | വികസനഫണ്ട്, ജനറൽ | PRF667/14.06.2021 | 48,116 | 2,69,506 |
| 25/22-പെയിൻ & പാലിയേറ്റീവ് കെയർ | 22100690/ 01.02.2022- 6,86,878 | വികസനഫണ്ട്, ജനറൽ | PRF5195/28.01.2022 | 5,81,413 | 1,05,465 |
| | | | ആകെ | | 13,79,267 |

നൽകിയ മുഴവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.9/19.04.2023)

## 1-13 ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/ തീയതി | ചെലവ് തുക | ബിറ്റുമിൻ ഇനം (Kg) | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | 74/22 – കള്ളായി ഇരുമ്പനാട് ക്ഷേത്രം (പാലം വരെ) റോഡ് നിർമ്മാണം മാടക്കത്തറ ഗ്രാ.പ. | എ.കെ സൈദലവി | 2/20-21, 3/21-22 | 101/ 25.8.2021 | 598329 | RS1 – 220.24 SS1 -680.73 VG30- 1607.97 | 15.14 | 4254 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 73/22 കച്ചിത്തോട് നിന്നകുഴി റോഡ് റീടാറിങ്ങും കൾവർട്ട് സൈഡ് കെട്ടലും – മാടക്കത്തറ ഗ്രാ.പ. | എ വി അബ്ദുൾ കാദർ | 4/21-22 32/21-22 | 14/ 24.3.2022 7/ 27.10.2021 | 972168 | RS1 –359.43 VG30 – 3731.98 | 25.89 | 7275 |
| 3 | 72/22 ഭഗവതി നഗർ റോഡ് പൂർത്തീകരണം വാർഡ് 7 പുത്തൂർ ഗ്രാ.പ. | എൽദോ കുര്യൻ | 35/20-21 | 6/ 27.10.2021 | 658657 | RS1 –178.2 SS1 –550.8 VG30 – 1301.05 | 12.34 | 3468 |
| | ആകെ | | | | | | | 14997 |

മുകളിൽ പറഞ്ഞ പ്രകാരം കാലിബാരൽ വില ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 2/19.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞ പ്രകാരം കാലി ബാരൽ വില ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതും അതിൽ നിന്നും 18% ജി എസ് ടി ഇനത്തിൽ ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-14 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ സ്വീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ കരാർ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ – 91/22 കൈനൂർ കോക്കാത്ത് | 09.11.2021 | 24.11.2021 | 10.12.2021 | 10426 |

| | | | | | |
|---|---|---|---|---|---|
| | പാടം റോഡ് നിർമ്മാണം<br>അടങ്കൽ - 1191800 (വികസനഫണ്ട് - എസ്.സി.പി)<br>കരാർ തുക – 1042614<br>കരാറുകാരൻ - എൻ. പി ജോസ്<br>എഗ്രിമെന്റ് നം.: 7/AE/LSGD /OLK/2021-22 തീയതി 25.11.2021<br>ട്രഷറി ബിൽ നമ്പർ – 30/10.12.2021<br>ചെലവ് തുക – 1167728 | | | | |

മുകളിൽ പറഞ്ഞ പ്രകാരം ഉത്തരവാദികളിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/19.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ പ്രകാരം പിഴ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-15 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ - 69/22- വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി, പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിന് | 13.05.2020 | 12.05.2021 (സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 30.12.2021 | 27615 (3%) |

| | | | | | |
|---|---|---|---|---|---|
| | സംഭരണ കേന്ദ്രം അടങ്കൽ - 1073000/- കരാർ തുക – 920494.63 കരാറുകാരൻ – ടോജോ കെ. എം എഗ്രിമെന്റ് നം.33/AE /LSGD/OLK /19-20 തീയതി 13.05.2020 അളവു പുസ്തകം- 16, 17/21-22 ബിൽ നമ്പർ - 7/26.2.2022 (ക്യാഷ് ബുക്ക് പ്രകാരം) ചെലവ് തുക – 1030844/- (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6മാസം) | | | | |
| 2 | പ്രോജക്റ്റ് നമ്പർ - 79/22- കല്ലുക്കുന്ന് ലക്ഷംവീട് കുടിവെള്ള പദ്ധതി വാർഡ് 2 പുത്തൂർ ഗ്രാ.പ. അടങ്കൽ - 175173/- കരാർ തുക – 911393.64 കരാറുകാരൻ - വി. ആർ ജയ്സൺ എഗ്രിമെന്റ് നം.24/AE /LSGD/MDK | 23.11.2020 | 23.05.2021 (സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 28.06.2021 | 9114 (1%) |

| | | | | | | |
|---|---|---|---|---|---|---|
| | | /19-20 തീയതി 24.12.19<br>അളവു പുസ്തകം- 19/20-21 ബിൽ നമ്പർ - 6/18.11.2021<br>ചെലവ് തുക – 126800/- ($2^{nd}$ & Final Bill)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 11 മാസം) | | | | |
| | 3 | പ്രോജക്റ്റ് നമ്പർ - 68/22- ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് 2019-20 കണ്ണാറ കുടിവെള്ളപദ്ധതി വാട്ടർ ടാങ്കിന് ചുറ്റും റിടെയിനിങ്ങ് വാളും അനുബന്ധ പ്രവൃത്തികളും (സ്പിൽ ഓവർ)<br>അടങ്കൽ - 128261/-<br>കരാർ തുക – 263762.18/-<br>കരാറുകാരൻ – ടോജോ കെ. എം<br>എഗ്രിമെന്റ് നം.34/AE /LSGD/OLK /19-20 തീയതി 13.5.2020<br>അളവു പുസ്തകം- 323/21-22, 305/21-22<br>ബിൽ നമ്പർ - 11/21.3.2022<br>(കാഷ് ബുക്ക് | 13.05.2020 | 12.05.2021 (സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 19.03.2022 | 7913<br>(3%) |

| | | | | | |
|---|---|---|---|---|---|
| | പ്രകാരം) ചെലവ് തുക – 116633/- (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം) | | | | |
| | ആകെ | | | | 44642 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/19.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-16 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 127.9 ക്യൂബിക് മീറ്റർ മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുണ്ട് എന്നുള്ള വിവരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് എം. ബുക്ക് പേജ് 4-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി മണ്ണിന്റെ മൂല്യം കണക്കാക്കിയിട്ടുണ്ടോ എന്നും രേഖാമൂലം മണ്ണിന്റെ വിവരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും ടി മണ്ണ് ലേലം ചെയ്യുകയോ മറ്റ് രീതിയിൽ വിനിയോഗിക്കുകയോ ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരം ഓഡിറ്റിൽ അറിയിക്കാൻ (ഓഡിറ്റ് അന്വേഷണം നമ്പർ 10/19.4.2023) ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 88/22 |
| പ്രോജക്ടിന്റെ പേര് | ഇമ്മട്ടിപ്പറമ്പ് പൈപ്പ് ലൈൻ റോഡ് ഡ്രെയിനേജ് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് |
| കരാറുകാരൻ | ഗ്ലിൻസ് റാഫേൽ |
| മണ്ണിന്റെ അളവ് | 127.9 എം$^3$ |
| എം. ബുക്ക് നമ്പർ | 24/2021-22 |
| ചെലവ് തുക | 715666 |
| ഫണ്ട് | XCFC |

മുകളിൽ പറഞ്ഞതുപ്രകാരമുള്ള മണ്ണിന്റെ വിനിയോഗ വിവരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ജലസേചനവകുപ്പുമായുള്ള കരാർ, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപ പത്രം എന്നിവ ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 74/22 പ്രകാരം നടപ്പാക്കിയ കള്ളായി ഇരുമ്പനാട് ക്ഷേത്രം (പാലം വരെ) റോഡ് നിർമ്മാണം – മാടക്കത്തറ ഗ്രാമപഞ്ചായത്ത് എന്ന പ്രോജക്ടിനായി വികസനഫണ്ട് (ജനറൽ)-ൽ നിന്നും 660000 രൂപ വകയിരുത്തുകയും, 598329 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ തൃശ്ശൂർ ജലസേചന വിഭാഗം സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ 6.5.2021-ലെ ജി1-2189/2021 നമ്പർ ഉത്തരവു പ്രകാരം മേൽപ്രവൃത്തി നടപ്പാക്കുന്നതിനായി ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു കരാർ ഫയലിൽ ഇല്ല. മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി

ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 11/19.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തീയതി 22.9.2015 പ്രകാരം ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ബിൽ തയ്യാറാക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കാവുന്നതും പ്രതിഫലമായി എസ്റ്റിമേറ്റിന്റെ 4% (3% + 1%) നൽകാവുന്നതുമാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works B)1.3.2019-ലെ സർക്കുലർ നമ്പർ 18/2019 /ഫിൻ. ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തിക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിലാണ് പ്രതിഫലം നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 96/22 |
| പ്രോജക്ടിന്റെ പേര് | ഉറവുംപാടം ഇലക്ട്രിഫിക്കേഷൻ വർക്ക് പാണഞ്ചേരി ഗ്രാ.പ. |
| കരാറുകാരൻ | സുനിൽ പി. ആർ |
| ഇലക്ട്രിക്കൽ എഞ്ചിനീയറുടെ പേര് | അച്യുതൻ കെ. കെ |
| എഗ്രിമെന്റ് നമ്പർ | 15/AE/LSGD/OLK/21-22 Dt.26.2.2022 |
| എം.ബി.നമ്പർ | 33/21-22 |
| ചെലവ് തുക | 484298/- |
| ട്രഷറി ബിൽ നമ്പർ | 29/31.3.2022, 30/31.3.2022 |
| എസ്റ്റിമേറ്റ് തുക | 149043.81 |
| 4% നിരക്കിൽ നൽകാവുന്ന പ്രതിഫലം | 5962 |
| നൽകിയ തുക | 7035 |
| അധികം നൽകിയത് | 1073 |

മുകളിൽ പറഞ്ഞതുപ്രകാരം 1073 രൂപ അധികം നൽകിയതിന് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 12/19.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 1-19 വാഹനം വാടകക്ക് എടുക്കൽ - ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹന സൌകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് പ്രകാരം വാഹനം വാടകക്ക് എടുക്കുന്നതിന് പ്രോജക്ട് നമ്പർ 29/22 പ്രകാരം തൻവർഷം 292000 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാബു എന്നയാളുടെ ഉടമസ്ഥതയിലുള്ള KL8 BE 7700 എന്ന രജിസ്റ്റർ നമ്പറിലുള്ള വാഹനമാണ് ഈ കാലയളവിൽ ഉപയോഗിച്ചിരുന്നത്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആകെ ഒരു മാസം ഓടിയ ദൂരം കണക്കാക്കുന്നതിനായി പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

2. യാത്രകളുടെ ഉദ്ദേശ്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. യാത്ര തുടങ്ങുന്നതും അവസാനിപ്പിക്കുന്നതുമായ സമയം രേഖപ്പെടുത്തുന്നില്ല.

4. വാഹനം ഉപയോഗിക്കുന്നയാളുടെ ഒപ്പ് വല്ലപ്പോഴും മാത്രമാണ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നത്.

5.വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലോഗ് ബുക്ക് പരിശോധിക്കുകയോ ഒപ്പിടുകയോ ചെയ്തിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/20.4.2023-ന് മറുപടി ലഭിച്ചില്ല.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-20 എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ കാഷ് ബുക്ക് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനത്തിനായി പിൻവലിക്കുന്ന തുകകൾ പൂർണ്ണമായും കാഷ് ബുക്കിൽ ചേർക്കുന്നില്ല എന്ന് കാണുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ വാഹനം വാടകക്ക് എടുക്കൽ (പ്രോജക്ട് നമ്പർ 29/22) എന്ന പ്രോജക്ട് പ്രകാരമുള്ള ഒരു ചെലവുകളും കാഷ് ബുക്കിൽ ചേർത്തിട്ടില്ല. അസി.എഞ്ചിനീയർ നടപ്പാക്കിയ സംയുക്ത പ്രോജക്ടുകളായ പ്രോജക്ട് നമ്പർ 85/22, 92/22, 86/22 എന്നിവ പ്രകാരമുള്ള ചെലവുകളും കാഷ് ബുക്കിൽ ചേർത്തിട്ടില്ല. ജി.ഒ (പി) നം.177/2006/ഫിൻ. തീയതി 12.4.2006 ഖണ്ഡിക 18.3 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വരവ്, ചെലവ് എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സീഡിയറി രജിസ്റ്റർ (അനുബന്ധം ബി - IV) സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽപരഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 15/20.4.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. കാഷ് ബുക്ക് അപാകതകളില്ലാതെ എഴുതി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 20(1) | 2001-02 | ലഭ്യമല്ല | ജനകീയാസൂത്രണ പദ്ധതികളിലെ അപാകതകൾ | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | 28a | 2001-02 | V(i) | മുൻ വർഷങ്ങളിൽ നൽകിയ ധനസഹായം പൂർത്തീകരിക്കപ്പെടാത്തത് | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | 38a | 2001-02 | V87(ii) | വിൽവട്ടം ഗ്രാമപഞ്ചായത്തിലെ മിൽമ കുറ്റിയാർ കനാൽ ബണ്ട് സൈഡ് കട്ടിങ്ങും രൂപപ്പെടുത്തലും | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | 40 | 2001-02 | V87(iii) | വെള്ളാനിക്കോട്- മരോട്ടിച്ചാൽ റോഡ് അധിക തുക സംബന്ധിച്ച് | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | 41 | 2001-02 | V87(iii) | മണ്ണ് ഫില്ലിങ്ങ് അധിക നിരക്ക് നൽകിയത് സംബന്ധിച്ച് | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | 42 | 2001-02 | V87(iii) | പഞ്ഞംപഴത്തോട് സംരക്ഷണ പദ്ധതി | തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 2001-02 | 3(6) | 2006-07 | 3.53.4 | 1.കരിപ്പാക്കുന്ന് കിഴക്കേക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ 2.താളിക്കുണ്ട് ജലസേചന പദ്ധതി 3.പടിഞ്ഞാറെ കല്ലായി ജലസേചന പദ്ധതി | 31.05.22 ൽ നടന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഈ ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2002-03 | 3-6(a) | 2006-07 | 3.53.1 | കരിപ്പാക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ | 31.05.22 ൽ നടന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഈ ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| | 3-6(b) | 2006-07 | 3.53.1 | പുത്തൻക്കുളം ഉഴവുചാൽ പദ്ധതി | 31.05.22 ൽ നടന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | കമ്മിറ്റിയിൽ ഈ ഖണ്ഡിക തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2005-06 | 3(4) | 2005-06 | ലഭ്യമല്ല | ശിശുക്ഷേമ വികസന ഓഫീസർ-ചെലവുകളുടെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു | ചെടികൾ വാങ്ങിയ ചിലവിന് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് ശിശുക്ഷേമ വികസന ഓഫീസർ കത്ത് നൽകിയിട്ടുണ്ടെങ്കിലും രശീതി ലഭ്യമായിട്ടില്ലെന്ന് ശിശുക്ഷേമ വികസന ഓഫീസർ അറിയിച്ചു |

4-8 ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 75582308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68739577 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 71138 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഭരണ തല നടപടിയിലൂടെ ഈടാക്കേണ്ടത്)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 14997 | ശ്രീ. രതീഷ് എം. ജെ, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |
| 1-14 | 10426 | ശ്രീ. രതീഷ് എം. ജെ, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |
| 1-15 | 44642 | ശ്രീ. രതീഷ് എം. ജെ, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |
| 1-18 | 1073 | ശ്രീ. രതീഷ് എം. ജെ, |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) |
| ആകെ | 71138 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും മേൽ വിലാസവും | ഇപ്പോഴത്തെ മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രതീഷ് എം. ജെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) ഒല്ലൂക്കര ബ്ലോക്ക് | മേലേത്ത് വീട്, എരിപൊട്, അളഗപ്പനഗർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1998-1999 | എൽ.എഫ്.ടി11-29/2000 തീ.14.06.00/7.9.00 | 3 | 20(1-2),20(2), 30(എ മുതൽ എൽ വരെ) | 20(1-2) - സമാഹൃത റിപ്പോർട്ട് |
| 2 | 1999-2000 | എൽ.എഫ്.ടി11-1715/2000 തീ. 18.5.01 | 8 | 19(എ)(ബി), 21, 23, 28(എ), 38(എ), 40, 41,42 | 23 – സമാഹൃത റിപ്പോർട്ട് 28(എ) – സമാഹൃത റിപ്പോർട്ട് 38(എ) – സമാഹൃത റിപ്പോർട്ട് 40 –സമാഹൃത റിപ്പോർട്ട് 41 – |

| | | | | | |
|---|---|---|---|---|---|
| | | | | | സമാഹൃത റിപ്പോർട്ട് |
| 3 | 2001-02 | എൽ.എഫ്.ടി11-114/06 തീ. 08.06.06/14.11.06 | 1 | 3-6 | 3-6 - സമാഹൃത റിപ്പോർട്ട് |
| 4 | 2002-03 | എൽ.എഫ്.ടി11-115/06 തീ. 20.6.06/14.11.06 | 1 | 3-6(എ)(ബി) | സമാഹൃത റിപ്പോർട്ട് |
| 5 | 2005-06 | എൽ.എഫ്.ടി21-2574/07 തീ. 31.01.09/04.07.09 | 2 | 2-6(ബി), 3-4 | 3-4 - സമാഹൃത റിപ്പോർട്ട് |
| 6 | 2006-07 To 2010-11 | എൽഎഫ്.ടി(ബിപി)1367/12 തീ. 5.2.13 | 15 | 2-1-1, 2-1-3, 2-1-4, 2-1-5, 3-1, 3-2, 3-6, 3-7, 3-9(കോലഴി ഒഴികെ), 3-11-1, 3-12-3, 3-12-4, 3-13-1, 3-13-2, 3-13-3 | |
| 7 | 2011-12 | എൽഎഫ്.ടി(ബിപി)2137/13 തീ. 6.6.14/16.7.14 | 3 | 3-2, 3-5(3,5), 3-6 | |
| 8 | 2012-13 | എൽഎഫ്.ടി(ബിപി)1559/14 തീ. 5.1.15/11.2.15 | 3 | 3-2, 3-5, 3-6(2) | |
| 9 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി)328/15 തീ. 7.7.15/13.8.15 | 3 | 3-2, 3-4-2, 3-5 | |
| 10 | 2014-15 To 2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)/616/17 തീ. 26.5.17/9.6.17 | 4 | 3-1, 3-6, 3-12, 3-13 | |
| 11 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)/1739/17 തീ. 5.12.17 | 5 | 3-11, 3-12, 3-14, 3-16, 3-17 | |
| 12 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)/536/19 തീ. 12.4.19 | 6 | 3-1, 3-3(2,3), 3-5, 3-12, 3-13, 3-15 | |
| 13 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)/37/20 തീ. 04.05.20 | 18 | 1-8,1-10,1-11,1-12,1-13, 1-14,1-15,1-16,1-17,1-18, 1-19,1-20,1-21,1-22,1-23, 1-24,1-25,3-1 | |
| 14 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി11)/958/22 തീ. 03.07.22 | 30 | 1-9 മുതൽ 1-28 വരെ | |

| | | | | | |
|---|---|---|---|---|---|
| 15 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (പി11)/959/22 തീ. 03.07.22 | 33 | 1-9 മുതൽ 1-31വരെ | |
| | ആകെ | | 135 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്